# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2528

07-10-2016 ൽ മറുപടിയ്ക്ക്

### ചരക്ക് ഗതാഗതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.ടി.ബൽറാം :<br>ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. കെ.എസ്.ശബരീനാഥൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ചരക്ക് ഗതാഗതം തീരക്കടലിലൂടെയും കനാലുകളിലൂടെയും ആക്കി മാറ്റുന്നതിന് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ വിഴിഞ്ഞം , കൊല്ലം , കൊടുങ്ങല്ലൂർ , പൊന്നാനി, ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളെ കടൽമാർഗ്ഗം ബന്ധിപ്പിച്ച് തീരദേശ കപ്പൽഗതാഗതം നടപ്പിലാക്കാനാണ് തുറമുഖവകുപ്പ് നടപടി സ്വീകരിച്ചുവരുന്നത് . ചരക്കുകൾ ഉൾനാടൻ ജലപാത വഴി കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായാണ് കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നത് . കടലിൽ നിന്ന് ഉൾനാടൻ ജലപാതയിലേക്ക് പ്രവേശനം നടത്താവുന്ന കൊടുങ്ങല്ലൂർ തുറമുഖത്ത് റിവർ / സീ ടെർമിനൽ മോഡലിലുള്ള നിർമ്മാണമാണ് ഉദ്ദേശിച്ചിട്ടുള്ളത് . |
| (ബി) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ എത്ര ശതമാനമാണ് ഈ രീതിയിൽ മാറ്റുവാനുദ്ദേശിക്കുന്നത്, വിവരിക്കുമോ ; | (ബി) സംസ്ഥാന സർക്കാരിനുവേണ്ടി തീരദേശ കപ്പൽ ഗതാഗതപദ്ധതിയെക്കുറിച്ച് പഠിച്ച മെസേഴ്സ് . ഡിലോയിറ്റ് സമർപ്പിച്ച രൂപരേഖ പ്രകാരം ഇപ്പോൾ റോഡ് / റയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കുകളുടെ 40%, 2020 വർഷത്തോടെ തീരദേശകപ്പൽ ഗതാഗതം വഴി നീക്കം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് . |
| (സി) ഇതിനായി ഏതെല്ലാം തുറമുഖങ്ങളെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (സി) തീരദേശകപ്പൽ ഗതാഗതത്തിനായി വിഴിഞ്ഞം , കൊല്ലം , കൊടുങ്ങല്ലൂർ , പൊന്നാനി , ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളെ പ്രയോജനപ്പെടുത്തുവാനാണ് തുറമുഖവകുപ്പ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഈ തുറമുഖങ്ങളിൽ ചരക്കു ഗതാഗതത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത് ; | (ഡി) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം , വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ ബേസിൻ , വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 29 കോടിരൂപ മുതൽ മുടക്കിൽ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ബേപ്പൂർ , അഴീക്കൽ , കൊല്ലം തുറമുഖങ്ങളിൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഫോർക്ക് ലിഫ്റ്റ് ,കൊല്ലം തുറമുഖത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം , അഴീക്കൽ ,വിഴിഞ്ഞം , ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കറും വാങ്ങിയിട്ടുണ്ട്. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചു മാറ്റുന്നതിനുമായി കൊല്ലം ,ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം , ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നുണ്ട്. |
| (ഇ) | ഇതിനായി എത്ര കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്? | (ഇ) | തീരദേശകപ്പൽ ഗതാഗതത്തിനായി ബഡ്ജറ്റിൽ 4,68,00,000/- (നാല് കോടി അറുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയും മൊത്തം തുറമുഖവികസനത്തിനായി 108 കോടി രൂപയും ഈ വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിന് 500 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**